## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3403** **08-11-2019 ലെ മറുപടിയ്ക്ക്**

### കൽപ്പാത്തിയിൽ വീട് നിർമ്മാണത്തിന് അനുമതി

| ചോദ്യം<br>ശ്രീ. ഷാഫി പറമ്പിൽ : | മറുപടി<br>ശ്രീ. എ.സി. മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) |
|---|---|
| (എ) പാലക്കാട് നഗരസഭയിലെ കൽപ്പാത്തി ഗ്രാമത്തെ ഹെറിറ്റേജ് വില്ലേജായി പ്രഖ്യാപിച്ചതുകാരണം ഈ പ്രദേശത്തുള്ള പുതിയ വീട് നിർമ്മാണം, വീട്ടുകളിലെ അറ്റകുറ്റപണികൾ എന്നിവ ചെയ്യുന്നതിന് നിലവിൽ തിരുവനന്തപുരം ആർട് & ഹെറിറ്റേജ് കമ്മിറ്റിയുടെ അനുമതി ആവശ്യമായതിനാൽ പ്രദേശനിവാസികൾ അനുമതിക്കായി വളരെ ബുദ്ധിമുട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) പാലക്കാട് നഗരസഭയിൽ നിന്നു തന്നെ കൽപ്പാത്തി ഹെറിറ്റേജ് വില്ലേജിലെ വീട്ടുകൾ നിർമ്മാണ, പുനരുദ്ധാരണ പ്രവൃത്തികൾ നടത്തുന്നതിനുള്ള അനുമതി നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; ഇതു സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) അംഗീകൃത പാലക്കാട് മാസ്റ്റർ പ്ലാനിൽ 11.11.2009 തീയതിയിലെ G.O.(Ms) No.210/09/LSGD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം വരുത്തിയ variation അനുസരിച്ച് കൽപ്പാത്തി പൈതൃക മേഖലയിൽ നടത്തുന്ന ഏതൊരു നിർമ്മാണ പ്രവർത്തനത്തിനും KMBR 1999 ലെ ചട്ടം 154 പ്രകാരം സർക്കാർ രൂപീകരിച്ചിട്ടുള്ള ആർട്ട് & ഹെറിറ്റേജ് കമ്മീഷന്റെ മുൻകൂർ അനുമതി ലഭ്യമാക്കേണ്ടതാണ്. ഇതിനായി ആർട്ട് & ഹെറിറ്റേജ് കമ്മിഷൻ നിയോഗിച്ചിട്ടുള്ള ഒരു കമ്മിറ്റിയാണ് കെട്ടിട നിർമ്മാണ അപേക്ഷകൾ പരിശോധിച്ച് അനുമതി നൽകുന്നത്. പ്രസ്തുത കമ്മീഷന്റെ മെമ്പർ സെക്രട്ടറി ആയ ചീഫ് ടൗൺ പ്ലാനറുടെ തിരുവനന്തപുരത്തെ ഓഫീസിൽ വെച്ചാണ് ടി കമ്മിറ്റി സംസ്ഥാനത്തെ വിവിധ ഹെറിറ്റേജ് പ്രദേശങ്ങളിൽ നിന്നും ലഭ്യമാകുന്ന കെട്ടിട നിർമ്മാണ അപേക്ഷകൾ പരിഗണിക്കുന്നത്. |

സെക്ഷൻ ഓഫീസർ